**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082** **12-09-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കായി കായിക പരിശീലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കായി പ്രത്യേക ഫുട്ബോൾ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഫുട്ബോൾ വികസന പരിപാടിയായ ഗോൾ പദ്ധതിയുടെ പുതിയ സെന്ററുകൾ 140 നിയമസഭാ മണ്ഡലങ്ങളിലായിട്ട് ആരംഭിക്കുന്നതിനും ഓരോ സെന്ററിലും തെരഞ്ഞെടുക്കപ്പെടുന്ന 25 കുട്ടികൾക്ക് ദീർഘകാല അടിസ്ഥാനത്തിൽ ഫുട്ബോൾ പരിശീലനം നൽകുന്നതിനും വേണ്ടിയുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കായിക യുവജനകാര്യാലയത്തിന്റെയും സംയുക്ത നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി 4200 കുട്ടികളെയാണ് ഈ ഘട്ടത്തിൽ പരിശീലിപ്പിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നത്. അഞ്ച് ലക്ഷം കുട്ടികളെ ഈ പദ്ധതിയുടെ ഭാഗമായി പരിശീലിപ്പിച്ച് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരം നൽകി ദേശീയ അന്തർദേശീയ താരങ്ങളായി വാർത്തെടുക്കുക എന്നതാണ് മുഖ്യലക്ഷ്യം. |
| (ബി) | പരിശീലനം ലഭിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ഫുട്ബോൾ താരങ്ങളാക്കി വാർത്തെടുക്കുന്നത് ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മികച്ച ഫുട്ബോൾ താരങ്ങളെ ഇതിനായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരിശീലനം ലഭിയ്ക്കുന്നവരിൽ നിന്ന് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവരെ കണ്ടെത്തി കായിക വിദ്യാലയങ്ങളിലൂടെയും എലൈറ്റ് അക്കാദമികളിലൂടെയും മികച്ച കളിക്കാരായി മാറ്റാനാണ് ലക്ഷ്യമിടുന്നത്.<br><br>ഇതിനായി മുൻകാല സന്തോഷ് ട്രോഫി/ അന്തർദേശീയ, ദേശീയ താരങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |
| (സി) | ജൂഡോ, ബോക്സിംഗ് എന്നിവയുടെ പരിശീലനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; സ്കൂൾതലത്തിൽ | (സി) | ജൂഡോ, ബോക്സിംഗ് എന്നിവയുടെ പരിശീലനത്തിന് ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികളും ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ് എന്നിവയുടെ പരിശീലനത്തിന് ഹൂപ്സ്, സ്പ്രിന്റ് |

| | | | |
|---|---|---|---|
| | മറ്റെന്തെല്ലാം കായിക പരിശീലന പദ്ധതികളാണ് നടന്നു വരുന്നത്; വ്യക്തമാക്കുമോ; | | എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ആയവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ ജില്ലാ സ്പോർട്സ് അക്കാഡമി ആറ്റിങ്ങൽ, ജില്ലാ സ്പോർട്സ് അക്കാഡമി കൊല്ലം എന്നിവിടങ്ങളിൽ ബോക്സിങ് കായിക ഇനത്തിലും ജൂഡോയ്ക്ക് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികളും ഇടുക്കിയിൽ ജില്ലാ സ്പോർട്സ് അക്കാഡമിയും മികച്ച രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തിന്റെ കായികമേഖലയിൽ എന്തെല്ലാം മാറ്റങ്ങൾക്കിടയാക്കിയെന്ന് വിശദമാക്കാമോ? | (ഡി) | ഗ്രാസ്റൂട്ട് ലെവൽ പ്രോജക്ടുകൾ വളരെ ചെറുപ്പം മുതലേ കുട്ടികളിൽ അടിസ്ഥാന മോട്ടോർ ഗുണങ്ങൾ വികസിപ്പിക്കുന്നതിനും വിവിധ കായിക ഇനങ്ങളിൽ മികവ് പുലർത്തുന്നതിനും സഹായിക്കുന്നു. കുട്ടികൾക്ക് വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കാനും അതുവഴി സംസ്ഥാനത്തെ കായിക സംസ്കാരം വികസിപ്പിക്കാനും, സംസ്ഥാനത്തെ അടിസ്ഥാന കായിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ഇത് വഴിയൊരുക്കും.<br><br>പ്രതിഭയുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി ശാസ്ത്രീയ പരിശീലനം നൽകുന്നതിനും ഇവർക്ക് കൂടുതൽ മത്സര പരിചയം നൽകുന്നതിനും അതിലൂടെ മികച്ച കായിക താരങ്ങളായി വളർത്തിയെടുക്കുന്നതിനും ഉതകുന്ന രീതിയിലാണ് പ്രസ്തുത ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി സബ് ജൂനിയർ, ജൂനിയർ തലത്തിൽ മികച്ച കായിക താരങ്ങളെ സംഭാവന ചെയ്യുവാൻ സാധിക്കും. അതിലൂടെ ദേശീയ ചാമ്പ്യൻഷിപ്പുകളിൽ കേരളം മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നതിന് സാധിക്കും. മാത്രമല്ല വരും വർഷങ്ങളിൽ ജൂനിയർ, സീനിയർ തലത്തിലും വളർന്നു വരുന്ന ഈ താരങ്ങളുടെ പ്രകടനം കേരളത്തിന് മുതൽക്കൂട്ടാകും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ജൂഡോക്ക**

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ ആണ് നിലവിൽ പദ്ധതി നടക്കുന്നത്. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലന പദ്ധതി നടത്തി വരുന്നത്. ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം ആണ് പരിശീലനം നൽകുന്നത്. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി കുട്ടികളെ തിരഞ്ഞെടുത്താണ് പരിശീലനം നൽകി വരുന്നത്

**പഞ്ച്**

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനും പ്രതിഭാ വികസന ഘടനയെ താഴെത്തട്ടിൽ ശക്തിപ്പെടുത്തുന്നതിനുമായി ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി പഞ്ച് എന്ന പേരിൽ കേരളത്തിലുടനീളം 5 കേന്ദ്രങ്ങളിൽ നടത്തി വരുന്നു. ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുടനീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതി എന്ന നിലയ്ക്കും കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കൊല്ലം, എറണാകുളം, കണ്ണൂർ, കോഴിക്കോട്, കോട്ടയം ജില്ലകളിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി 25 കുട്ടികളെ തിരഞ്ഞെടുത്താണ് പരിശീലനം നൽകി വരുന്നത്.

**ഹൂപ്സ്**

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തിരഞ്ഞെടുത്തവർക്കാണ് പദ്ധതി നടത്തി വരുന്നത്. സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ നിലവിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**സ്പ്രിന്റ്**

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. നിലവിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടത്തി വരുന്നത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി 298 കുട്ടികളെ തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത 6 സെന്ററുകളിൽ പ്രഗത്ഭരായ പരിശീലകരുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നിലവിൽ നടക്കുന്നുണ്ട്.

Rajesh Pillai

**സെക്ഷൻ ഓഫീസർ**